**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 911** **31-01-2024 - ൽ മറുപടിയ്ക്ക്**

**ചികിത്സാ സഹായം ലഭ്യമാകുന്നതിലെ കാലതാമസം പരിഹരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. എച്ച്. കുഞ്ഞമ്പു | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | പട്ടികവർഗ്ഗ വികസന വകുപ്പ് വഴി ചികിത്സാ സഹായം ലഭ്യമാകുന്നതിന് സമർപ്പിക്കുന്ന അപേക്ഷകളിൽ തീരുമാനമാകാൻ മാസങ്ങളോളം താമസിക്കുന്നുണ്ടെന്നുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പട്ടികവർഗക്കാരുടെ ചികിത്സാ ധനസഹായത്തിനുള്ള അപേക്ഷകൾ യഥാസമയം പരിശോധിച്ച് സമയബന്ധിതമായി ആനുകൂല്യം അനുവദിച്ച് വരുന്നുണ്ട്. എന്നാൽ സർക്കാരിൽ നേരിട്ട് ലഭിക്കുന്ന അപേക്ഷകൾ അർഹത പരിശോധിച്ച് ആവശ്യമായ രേഖകൾ സഹിതം തിരികെ നൽകുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ മുഖേന ജില്ലാ ഓഫീസുകളിലേക്ക് നൽകുകയും ജില്ലാ ഓഫീസുകളിൽ നിന്നും ശുപാർശ ചെയ്തു വരുന്ന അപേക്ഷകളിൽ 25,000/- രൂപ വരെയുള്ള തുക വകുപ്പ് ഡയറക്ടറുടെ പരിധിയിൽ നിന്നും 25,000/- രൂപയ്ക്ക് മുകളിൽ വരുന്ന തുക സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലും അനുവദിച്ചു നൽകുന്നുണ്ട്. ആയത് പ്രകാരമുള്ള താമസം വരുന്നുണ്ട്. |
| (ബി) | മാരകരോഗബാധിതർക്ക് ഇതിന്റെ ഗുണം യഥാസമയം ലഭിക്കാതെ പോകുന്ന സാഹചര്യം ഉണ്ടാവുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ മേൽ വിഷയം പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല.<br><br>മാരകരോഗം ബാധിച്ച് ചികിത്സയിൽ കഴിയുന്നവർക്ക് സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി പ്രകാരം ആശുപത്രികൾ മുഖേന ചികിത്സാ ധനസഹായം അനുവദിച്ച് നൽകുന്നുണ്ട്. സർക്കാർ ആശുപത്രികൾ/ മെഡിക്കൽ കോളേജുകളിൽ ചികിത്സ തേടുന്ന പട്ടികവർഗ്ഗക്കാർക്ക് APL/BPLവ്യത്യാസമില്ലാതെ 10,000/- രൂപ വരെയുള്ള ചികിത്സാ ചെലവ് ബന്ധപ്പെട്ട ആശുപത്രി സൂപ്രണ്ട്/മേലധികാരിയുടെ അംഗീകാരത്തോടെയും, 10,000/- രൂപ മുതൽ 50,000/- രൂപ വരെയുള്ള ചികിത്സ ചെലവ് (BPL വിഭാഗത്തിൽ മാത്രം) ബന്ധപ്പെട്ട ആശുപത്രി വികസന സമിതിയുടെ അംഗീകാരത്തോടെയും സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി പ്രകാരം യഥാസമയം അനുവദിച്ച് വരുന്നുണ്ട്. 50,000/- രൂപയ്ക്ക് മുകളിൽ വരുന്ന കേസുകളിൽ രോഗിയുടെ |

| | | | |
|---|---|---|---|
| | | | ചികിത്സാ ചെലവ് കാണിക്കുന്ന സ്റ്റേറ്റ്മെന്റ്, അനുബന്ധ രേഖകൾ എന്നിവ ബന്ധപ്പെട്ട ആശുപത്രി സൂപ്രണ്ടിന്റെ ശുപാർശ സഹിതം പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ മുഖേന സർക്കാരിൽ ലഭ്യമാക്കുകയും സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സമയബന്ധിതമായി ചികിത്സാ ധനസഹായം അനുവദിച്ച് നൽകുകയും ചെയ്യുന്നുണ്ട്. |
| (സി) | ആവശ്യമായ രേഖകൾ ഉണ്ടെങ്കിൽ സർക്കാർ തലത്തിൽ തന്നെ ചികിത്സാ സഹായം നൽകുന്ന മുൻകാല രീതി പുനഃസ്ഥാപിക്കുന്ന വിഷയം പരിഗണിക്കുമോ; വിശദാംശം അറിയിക്കാമോ? | (സി) | പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ